## 2. ആഫ്രിക്ക

പൗരാണിക കാലം മുതൽ അറബികൾക്ക് ആഫ്രിക്കയിലെ വിവിധ നാടുകളുമായി വ്യാപാര ബന്ധമുണ്ടായിരുന്നു. ആദ്യകാല വിശ്വാസികളിൽ പ്രമുഖനായ ബിലാലുബ്നു റബാഹ്, ആഫ്രിക്കൻ നാടായ എത്യോപ്യക്കാരനായിരുന്നു. നബിതിരുമേനിയുടെ കാലത്ത് നുബുവ്വതിന്റെ അഞ്ചാം വർഷം ഖുറൈശികളുടെ അക്രമം അസഹ്യമായപ്പോൾ മുസ്‌ലിംകൾ ചെങ്കടൽ കടന്ന് എത്യോപ്യയിലെ ചക്രവർത്തിയായ നജ്ജാശിയുടെ സന്നിധിയിലെത്തി. രണ്ട് ഘട്ടങ്ങളിലായി നൂറിലധികം വിശ്വാസികൾ അബിസീനിയയിലേക്ക് പലായനം ചെയ്തു. ഇതിന്റെ ഫലമായി ഇസ്‌ലാമിന്റെ സന്ദേശം തുടക്കത്തിൽ തന്നെ ഏറ്റുവാങ്ങാനുള്ള അവസരം ആഫ്രിക്കൻ വൻകരയ്ക്ക് ലഭിച്ചു.

നബിയുടെ കാലത്ത് ആഫ്രിക്കയിൽ ഇസ്‌ലാമിന്റെ സന്ദേശമെത്തിയെങ്കിലും അക്കാലത്ത് അത് അവിടെ കാര്യമായി പ്രചരിച്ചിരുന്നതായി രേഖകളൊന്നുമില്ല. ക്രി. 640-ൽ അംറുബ്നുൽ ആസിന്റെ നേതൃത്വത്തിൽ മുസ്‌ലിംകൾ ഈജിപ്ത് കീഴടക്കിയതോടെയാണ് ഇസ്‌ലാം ആഫ്രിക്കയിൽ വ്യാപകമായി പ്രചരിച്ചു തുടങ്ങിയത്. രണ്ടാം ഖലീഫഃ ഉമറിന്റെ കാലത്ത് ക്രി. 640-ൽ അംറുബ്നുൽ ആസ് ഈജിപ്ത് കീഴടക്കി. മൂന്ന് വർഷത്തിനുശേഷം ഈജിപ്ത് പൂർണമായി മുസ്‌ലിം ആധിപത്യത്തിലായി. തുടർന്ന് ഈജിപ്തിലെ ആയിരക്കണക്കിന് കോപ്റ്റിക് ക്രിസ്ത്യാനികൾ ഇസ്‌ലാം സ്വീകരിച്ചു.

ഈജിപ്തിലെ യാക്കോബായ ക്രിസ്ത്യാനികളെ ഓർത്തഡോക്സ് ക്രിസ്ത്യാനികളായ ബൈസാന്തിയക്കാർ വളരെ പരുഷമായിട്ടാണ് കൈകാര്യം ചെയ്തിരുന്നത്. സ്വന്തം മതവിഭാഗത്തിൽനിന്ന് ലഭ്യമാകാത്ത നീതി മുസ്‌ലിംകളിൽനിന്ന് തങ്ങൾക്ക് ലഭിച്ചത് ഇസ്‌ലാമിന്റെ മഹത്ത്വവും മാനുഷിക മുഖവും മനസ്സിലാക്കാൻ ഈജിപ്തുകാരെ സഹായിച്ചു. ഇക്കാരണത്താലാണ് അവർ കൂട്ടത്തോടെ ഇസ്‌ലാം സ്വീകരിച്ചതെന്ന് നിരവധി ചരിത്ര രേഖകൾ ഉദ്ധരിച്ച് സർ. തോമസ് ആർനോൾഡ് വ്യക്തമാക്കിയിട്ടുണ്ട്.

20/640-ലുണ്ടായ ഈജിപ്ത് വിമോചനത്തോടെ ആരംഭിച്ച ആഫ്രിക്കൻ ജനതയുടെ ഇസ്‌ലാമാശ്ലേഷം നിരവധി നൂറ്റാണ്ടുകൾ തുടർന്നുകൊണ്ടിരുന്നു. ഉമറിനുശേഷം ഉഥ്മാന്റെ കാലത്തും ആഫ്രിക്കയിലെ കൂടുതൽ പ്രദേശങ്ങൾ മുസ്‌ലിംകൾക്കധീനമായി. തുനീഷ്യ, ലിബിയ (ട്രിപ്പോളി) എന്നിവിടങ്ങളിൽ ഉഥ്മാന്റെ കാലത്താണ് ഇസ്‌ലാം പ്രചരിച്ചത്. പ്രസ്തുത കാലയളവിൽ ആഫ്രിക്കയോടൊപ്പം ഹി. 28-ൽ മുസ്‌ലിംകൾ നാവികപ്പടയുടെ സഹായത്തോടെ കീഴടക്കിയ സൈപ്രസ് ദ്വീപിലും കാസ്പിയൻ സമുദ്രതീരത്തും ഇന്ത്യയുടെയും ചൈനയുടെയും അതിർത്തിപ്രദേശങ്ങളിലും ഇസ്‌ലാമിന്റെ സന്ദേശം എത്തിയിരുന്നു. ഉഥ്മാന്റെ കാലഘട്ടത്തിൽതന്നെ ആഫ്രിക്കയിലെ ഇതര ക്രൈസ്തവരും ബർബരികളും ധാരാളം ഗോത്രവർഗക്കാരും കൂട്ടംകൂട്ടമായി ഇസ്‌ലാമിലേക്ക് വന്നുകൊണ്ടിരുന്നു. ഉമവീ കാലഘട്ടത്തിലും ആഫ്രിക്കയിലെ ഇസ്‌ലാമിന്റെ വ്യാപനം അഭംഗുരം തുടർന്നു. ഹി. 89-ൽ ഉമവീ ഖലീഫഃ അബ്ദുൽ മലികിന്റെ കാലത്ത് ഉത്തരാഫ്രിക്കയുടെ വിമോചനം പൂർത്തിയായി. അനന്തരം ഉത്തരാഫ്രിക്കയിലുടനീളം ഇസ്‌ലാമിന്റെ സന്ദേശം പ്രചരിക്കുകയുണ്ടായി. കടൽ കച്ചവടക്കാരുടെ പരിശ്രമങ്ങളും ഉത്തരാഫ്രിക്കയിൽ ഇസ്‌ലാമിക പ്രബോധനം വ്യാപിക്കുന്നതിൽ അനല്പമായ പങ്ക്വഹിച്ചിട്ടുണ്ട്.

അരിത്രിയ, സോമാലിയ എന്നിവിടങ്ങളിലെ ജനങ്ങളധികവും ഹി. ഒന്നാം നൂറ്റാണ്ടിൽ തന്നെ ഇസ്‌ലാം സ്വീകരിച്ചിരുന്നതായി മനസ്സിലാക്കപ്പെടുന്നു.

എത്യോപ്യയിൽ വ്യാപകവും വ്യവസ്ഥാപിതവുമായി ഇസ്‌ലാമിക പ്രബോധനം ആരംഭിച്ചത് ക്രി. 1300-ൽ അവിടെയെത്തിയ അബൂഅബ്ദില്ലാ മുഹമ്മദ് എന്ന പ്രബോധകനായിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനം മുഖേന എത്യോപ്യക്കാരിൽ വലിയൊരു വിഭാഗം മുസ്‌ലിംകളായി. എത്യോപ്യയിൽ നിരവധി ഇസ്‌ലാമിക ഭരണകൂടങ്ങൾ അധികാരം വാഴുകയുണ്ടായി. ക്രി. 1285 മുതൽ 1445 വരെയുള്ള ഈഫാത് സുൽത്താൻമാരുടെ ഭരണകാലത്ത് ധാരാളം അറബികൾ അബിസീനിയയിൽ കുടിയേറിയിരുന്നു. ഇതിന്റെ ഫലമായി വർധിച്ച തോതിൽ മതപരിവർത്തനം നടന്നിരിക്കണം. 15-ാം നൂറ്റാണ്ടിൽ യൂറോപ്യൻമാർ ആഫ്രിക്കയിലെത്തുമ്പോൾ ഇസ്‌ലാം എത്യോപ്യയിലെ നിർണായക ശക്തിയായി മാറിയിരുന്നു.